
# UPS കുറുമ്പകര

## 2022 - 2027



"സമഗ്ര
വിദ്യാലയ
വികസന" രേഖ

# മാസ്റ്റർ പ്ലാൻ"

# ഉള്ളടക്കം


- വിദ്യാലയത്തിന്റെ ലഘുചരിത്രം
- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ.
- നിലവിലെ അവസ്ഥാ വിശകലനം.
- മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ

  മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, ചുമതല, സാമ്പത്തിക നേട്ടങ്ങൾ.
- പ്രതീക്ഷിത നേട്ടങ്ങൾ.
- മോണിറ്ററിംഗ് രീതി.
- ഉപസംഹാരം

# അനുബന്ധം

- മികവുകൾ, നേട്ടങ്ങൾ (നടപ്പുവർഷം, മുൻവർഷം)
- കുട്ടികളുടെ എണ്ണം - മുൻവർഷങ്ങളിൽ.
- കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും, പരിമിതിയും തിരിച്ചറിഞ്ഞ് നടപ്പാക്കുന്ന പ്രവർത്തന പദ്ധതികൾ.

# വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര്: യു.പി. എസ്. കുറുമ്പകര.

വിലാസം : കുറുമ്പകര. P.O
പത്തനാപുരം.

സ്കൂൾ കോഡ് :

ഫോൺ :

വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട

വിദ്യാഭ്യാസ ഉപജില്ല : അടൂർ.

റവന്യൂ ജില്ല : പത്തനംതിട്ട.

ബി.ആർ.സി : അടൂർ.

സി.ആർ.സി : ഇളമണ്ണൂർ

ഗ്രാമ പഞ്ചായത്ത് : ഏനാദിമംഗലം

ബ്ലോക്ക് പഞ്ചായത്ത് : പറക്കോട്.

ജില്ലാ പഞ്ചായത്ത് : പത്തനംതിട്ട

നിയമസഭാ മണ്ഡലം : കോന്നി.

ലോകസഭാ മണ്ഡലം : പത്തനംതിട്ട.

താലൂക്ക് : അടൂർ.

വില്ലേജ് : ഏനാദിമംഗലം

E-mail : upskurumpakara@gmail.
www.upskurumpakara.

# ആമുഖം

പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം പഞ്ചായത്തിലെ പ്രകൃതിരമണീയവും ശാന്തസുന്ദരവുമായ പ്രദേശമാണ് കുറുമ്പകര. പത്തനാപുരത്തുനിന്നും ഏകദേശം 5km അകലത്തിലായി സ്ഥിതി ചെയ്യുന്നു.

1951 ൽ ശ്രീ. നാരായണൻ ഉണ്ണിത്താൻ അവർകൾ ഈ പ്രദേശവാസികളുടെ സ്വപ്ന സാക്ഷാത്കാരമായിട്ടാണ് ഇങ്ങനെ ഒരു സ്ഥാപനം തുടങ്ങുന്നതിന് ശ്രമിച്ചത്. തികച്ചും ഗ്രാമീണ മേഖലയിലായിരുന്ന ഈ പ്രദേശത്തെ ജനങ്ങൾക്ക് വിദ്യാഭ്യാസത്തിന്റെ ഉന്നതിയിലെത്തുന്നതിന് ഈ സ്ഥാപനം വളരെയധികം സഹായകമായി. ഇന്ന് ഈ വിദ്യാലയത്തിൽ പഠിച്ചിരുന്ന വിദ്യാർത്ഥികൾ ഇന്ത്യയുടെ പല ഭാഗങ്ങളിലും ജോലി ചെയ്യുന്നു.

ഒരു വീടിന്റെ ചെറിയ ഭാഗത്ത്
1953 ൽ ആദ്യമായി
തുടങ്ങിയ സ്കൂളിന്
സ്വന്തമായി കെട്ടിടം പണിയാൻ നാട്ടുകാരുടെയും
ശ്രീനാരായണൻ ഉണ്ണിത്താൻ അവർകളുടെ
ശ്രമഫലമായി സാധിച്ചു.

ധാരാളം അധ്യാപകർക്കും
അനധ്യാപകർക്കും തൊഴിലവസരങ്ങൾ
നൽകുന്നതിനും കൂടാതെ രാജ്യത്തിന്റെ
വിവിധ മേഖലകളിൽ സേവനം ചെയ്യുന്ന
നിരവധി പൂർവ്വ വിദ്യാർത്ഥികളും
ഈ സ്കൂളിന്റെ അഭിമാനമാണ്

# അക്കാദമികം

പൊതു വിദ്യാഭ്യാസം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രധാന പ്രശ്നമായിരുന്നു മലയാള ഭാഷയിൽ കുട്ടികൾക്ക് ഉണ്ടാകുന്ന അവ്യക്തത എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യത്തിൽ നിരവധി നൂതന മാർഗങ്ങളിലൂടെ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ സാധിച്ചു. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായ വായനയിലെത്തിക്കാനും വായനയിലൂടെ മാത്രമേ സാധിക്കൂ എന്ന് തിരിച്ചറിഞ്ഞ് വിജ്ഞാനപ്രദമായ പുസ്തകങ്ങളോടു കൂടിയ സ്കൂൾ ലൈബ്രറി ആരംഭിച്ചു.

കുട്ടികളുടെ ബുദ്ധിവികാസത്തിനു വേണ്ടിയും, ഭാഷാശേഷി വർദ്ധിപ്പിക്കാനുതകുന്ന ധാരാളം കഥപുസ്തകങ്ങൾ, വ്യാകരണബുക്കുകൾ, കഥകൾ, ജീവചരിത്രപുസ്തകങ്ങൾ അങ്ങനെ വിവിധതരം പുസ്തകങ്ങൾ ഈ ലൈബ്രറിയിൽ ഉണ്ട്.

ലൈബ്രറി പുസ്തകങ്ങൾ, കവിതകൾ, കഥകൾ എന്നിവ വായിച്ച് ആസ്വാദനക്കുറിപ്പ് എഴുതുകയും അത് അസംബ്ലിയിൽ വായിക്കാനും കുട്ടികൾക്ക് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പുസ്തകവായന എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

മലയാളത്തിളക്കം പദ്ധതി വഴിയെ വിജയകരമാക്കാൻ സാധിച്ചു. എഴുത്തും, വായനയും അറിയാത്ത ഒരാൾപോലും കുറുമ്പക്കര. ജി. പി. എസ്സിൽ ഉണ്ടാകില്ല എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു. 70-ൽ താഴെ കുട്ടികളുമായി തുടങ്ങിയ സ്കൂളിന് 19 ഡിവിഷനുകളിലായി 900 വിദ്യാർത്ഥികൾ പഠിച്ചിരുന്ന ചരിത്രവുമുണ്ട്.

സമീപത്തുള്ള 5 പ്രൈമറി സ്കൂളുകളിൽ പഠിച്ചിരുന്ന കുട്ടികൾക്ക് തുടർ വിദ്യാഭ്യാസത്തിന് കുറുമ്പക്കര ജി. പി. എസ്സ് ആയിരുന്നു ആശ്രയം. എന്നാൽ ഈ സ്കൂളിൽ നാലെണ്ണവും പിന്നീട് upgrade ചെയ്തതിനാൽ ഇവിടുത്തെ strength കുറഞ്ഞ

ഡിവിഷനുകൾ കുറയാൻ തുടങ്ങി എങ്കിലും ഇന്നും ഏറെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തന്നെ കുട്ടികൾക്കുവേണ്ടി വാഹനസൗകര്യം, ലബോറട്ടറി, ലൈബ്രറി, ശുദ്ധജല വിതരണം, ടോയ്‌ലറ്റ്, ഭദ്രതയുള്ള ക്ലാസ്റൂം, Computer lab, നല്ല പഠനസൗകര്യങ്ങൾ, പാചകത്തിനാവശ്യമായ പാത്രങ്ങൾ തുടങ്ങി നിരവധി സൗകര്യങ്ങൾ, പാചകത്തിനാവശ്യമായ പാത്രങ്ങൾ തുടങ്ങി നിരവധി സൗകര്യങ്ങൾ നൽകി ഇന്നത്തെ നിലയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ മാനേജ്മെന്റിന്റെയും അധ്യാപകരുടേയും രക്ഷിതാക്കളുടേയും കൂട്ടായ ശ്രമത്തിനു സാധിച്ചു.

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളിൽ മാറ്റം വരുത്താൻ നാട്ടിലെ പൊതുജനങ്ങളുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും സഹായത്തോടെ ചെയ്യാനുള്ള ശ്രമവും നടന്നു വരുന്നു.

കുട്ടികൾക്ക് digital വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്കൂൾ തലത്തിലും ഗവൺമെന്റിന്റെ തലത്തിലുമുള്ള 3 projectorകളും, 4 laptopകളും പ്രയോജനപ്പെടുത്തിവരുന്നു.

2019 ലെ covid-19 എന്ന മഹാമാരി വന്നപ്പോഴും എല്ലാ കുട്ടികൾക്കും പഠനത്തിനാവശ്യമായ Books, Text, mobilephone ഇല്ലാത്ത കുട്ടികൾക്ക്, Television ഇല്ലാത്ത കുട്ടികൾക്കും എല്ലാ അധ്യാപകരും ചേർന്ന് നൽകി. Digital വിദ്യാഭ്യാസം 100% വിജയത്തിൽ എത്തിക്കുവാൻ കഴിഞ്ഞു. ഇപ്പോഴും പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

covid-19 Lockdown സമയത്തുള്ള ദിനാചരണങ്ങൾ, C.P.T.A, P.T.A, SRG. ഓണാഘോഷം, ക്രിസ്തുമസ്സ് ആഘോഷങ്ങൾ, ഹലോ ഇംഗ്ലീഷ്, ഗണിതോത്സവം, ഹിന്ദിദിവസ്, സംസ്കൃതോത്സവം, സാമൂഹ്യശാസ്ത്രclub, മധുരം മലയാളം.

ശാസ്ത്രരംഗം എന്നിവയുടെ എല്ലാ പ്രവർത്തനങ്ങളും സ്കൂളിലെ മുഴുവൻ കുട്ടികളെയും google meet വഴി പങ്കെടുപ്പിച്ചു. AEO, വിവിധ സ്കൂളിലെ അധ്യാപകർ, celebration എന്നിവരെല്ലാം ഈ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും, അർഹരായ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും, സമ്മാനങ്ങൾ നൽകുകയും ചെയ്തു.

## ഉയർന്ന നിലവാരത്തിലുള്ള

ആരോഗ്യ ശുചിത്വ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പു വരുത്തി. വിദ്യാലയത്തെ മികവുറ്റതാക്കാൻ അധ്യാപകരും, രക്ഷിതാക്കളും കുട്ടികളും കൂട്ടായ ശ്രമം നടത്തുന്നു.

# ഉദ്ദേശ്യം

വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം എന്നത് അക്കാദമിക മികവ് മാത്രമല്ല മനുഷ്യനെ മനുഷ്യനാക്കി മാറ്റുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം.

വിദ്യാഭ്യാസം എന്ന നിർവ്വചനത്തെ അർത്ഥവത്താക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് കുട്ടികളുടെ മാനസിക-ശാരീരിക കലാകായിക പഠനത്തിലൂടെ അന്താരാഷ്ട്ര നിലവാരത്തിലെത്താൻ പ്രാപ്തരാക്കുന്ന കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഉദ്ദേശ്യം.

# ലക്ഷ്യം

വിദ്യാലയങ്ങളെ ജനകീയമാക്കി വികസിപ്പിച്ച് ആകർഷകമാക്കുന്നതിന് ഓരോ മേഖലയിലും നൂതന ആശയങ്ങൾ ഉൾക്കൊണ്ട് വിദ്യാലയത്തിന്റെ ശക്തിക്കും ശേഷിക്കും അനുസൃതമായി അത്രത്തോളം അവസരോചിതമായ പ്രവർത്തനങ്ങൾ പ്രയോഗികമാക്കുക എന്നതാണ് ലക്ഷ്യം

# പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം.

## വിഷൻ 100 അക്കാദമിക മാർഗ്ഗരേഖ.

നവ കേരള വിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജന പങ്കാളിത്തത്തോടെ മുന്നോട്ട് പോകുകയാണ്. പൊതു വിദ്യാലയങ്ങളിൽ സമൂഹത്തിന് വലിയ പ്രതീക്ഷയാണ് ഉള്ളത്. എന്നതിന്റെ പ്രതിഫലനമാണ് ഈ വർഷത്തെ ആറാം പ്രവൃത്തി-ദിവസത്തെ കണക്കുകൾ പുറത്തു വന്നപ്പോൾ വ്യക്തമായത്.

- കുട്ടികളുടെ സർവ്വോന്മുഖമായ വികാസനത്തിന വേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
- ഓരോ പ്രായഘട്ടത്തിലും കുട്ടി നേടണമെന്ന് കരിക്കുലം വിഭാവനം ചെയ്യുന്ന അക്കാദമിക ലക്ഷ്യങ്ങൾ മികവാർന്ന തലത്തിൽ നേടി എന്നുറപ്പാക്കൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം

എന്ന കാഴ്ചപ്പാടിനനുസൃതമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള കൂട്ടായ അന്വേഷണമാണ് വേണ്ടത്. ഇതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിഭാവനം ചെയ്യുന്നത്.

ഇതിന്റെ ഭാഗമായി ഓരോ സ്ഥാപനവും ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായുള്ള അക്കാദമിക പദ്ധതി തയാറാക്കേണ്ടതുണ്ട്. ഈ അക്കാദമിക പദ്ധതി സാർഥകമാക്കുന്നതിനനുയോജ്യ ഭൗതിക സൗകര്യ വികസനാസൂത്രണവും ഉണ്ടാകണം. അതോടൊപ്പം സമൂഹത്തെ എങ്ങനെ അർഥ-പൂർണ്ണമായി പങ്കാളികളാക്കാം. ഇതിന് സഹായകമായ സാമൂഹിക പങ്കാളിത്ത പദ്ധതി തയാറാക്കണം.

## വിഷൻ 100

### ലക്ഷ്യം

പ്രീ സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കാം.

1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി അതാത് പ്രായ ഘട്ടത്തിൽ നേടേണ്ട പരമാവധി ധാരണകളും കഴിവുകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തും.

- കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസും ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റും.
- തൊഴിൽ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കും.
- സ്കൂൾഘട്ടം കഴിഞ്ഞു പോകുന്ന മുഴുവൻ കുട്ടികളുടെയും നൈപുണ്യ വികസനം ഉറപ്പാക്കാൻ കഴിയേണ്ടതാണ്.
- കൗൺസലിംഗ് സൗകര്യം ലഭ്യമാക്കും.
- സർഗ്ഗപരമായ ശേഷി കഴിവുകളും വികസിപ്പിക്കുന്നതാകാം സമഗ്ര വിദ്യാഭ്യാസം.
- പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കാം.

- സ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കാം.
- ഭൗതിക മാനവിക സാംസ്കാരിക സൗകര്യങ്ങളു- സർഗാത്മക പ്രവർത്തനങ്ങൾക്ക് അതി വികസിപ്പിക്കാം.
- വിദ്യാഭ്യാസത്തിൽ ജനാധിപത്യ വത്ക്കരണം നടപ്പാക്കാം.
- ലഹരിവിരുദ്ധ മനോഭാവം വളർത്തുക.
- പ്ലാസ്റ്റിക് മുക്തത.
- കീടനാശിനി മുക്തത.
- ലഹരിമുക്ത കാമ്പസ്
- കാർഷിക സംസ്കാരം വളർത്തിയെടുക്കാം.
- ക്ലാസ് മുറികൾ ഹൈടെക്ക് ആക്കാം.
- പാർശ്വവൽക്കരണം ഒഴിവാക്കുന്നതിനുള്ള സംവിധാനങ്ങൾ സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുക.
- മഹാമാരിയെക്കുറിച്ചുള്ള ബോധവത്ക്കരണം.
- മാസ്കിന്റെയും സാനിറ്റൈസറിന്റെയും ഉപയോഗം.
- സാമൂഹിക അകലം പാലിക്കുക.
- നിലവാരമുള്ള അധ്യാപക പരിശീലനം.

| മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ | | |
|---|---|---|
| അക്കാദമികം | ഭൗതികം | സാമൂഹികം. |
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന-പരിപോഷണം<br>• വായനാ പരിപോഷണം.<br>• ജൈവവൈവിധ്യപാർക്ക്<br>• പഠനയാത്രകൾ<br>• സെമിനാറുകൾ<br>• കലാ-കായികമേള<br>• ഐടി പരിശീലനം.<br>• ക്ലാസ് പി.ടി.എ<br>• സ്കൂൾ പത്രം.<br>• പ്രവൃത്തി പരിചയ പഠനം.<br>• S.R.G. ശാക്തീകരണം.<br>• ശാസ്ത്രാഭിരുചി വളർത്തൽ.<br>• പച്ചക്കറിത്തോട്ടം.<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാര പരിപാടി.<br>• ഗണിത ലാബ്<br>ജ്യോഗ്. | • ചുറ്റുമതിൽ ഗേറ്റ്<br>• കളിസ്ഥലം.<br>• ക്ലാസ് മുറികൾ<br>• ഓഫീസ് മുറി<br>• സ്റ്റാഫ് മുറി<br>• കമ്പ്യൂട്ടർ റൂം.<br>• ലൈബ്രറി<br>• അടുക്കള<br>• ഡൈനിംഗ് - ഹാൾ<br>• കുടിവെള്ള വിതരണം<br>• മാലിന്യ സംസ്കരണം<br>• ടോയ്‌ലറ്റ്<br>• ലാബോറട്ടറി<br>• [illegible]-പുസ്തക.<br>• ചിത്രരചന<br>• ഗണിതോത്സവം. | • പി.ടി.എ ശക്തിപ്പെടുത്തൽ<br>• എസ്.എം.സി കാര്യക്ഷമമാക്കൽ<br>• വിദ്യാലയ വികസന സമിതി.<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം.<br>• Class PTA<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• കമ്പ്യൂട്ടർ പരിശീലനം.<br>• ഭവന സന്ദർശനം.<br>• ബോധവത്കരണം. |

| അക്കാദമികം | ഭൗതികം | സാമൂഹികം. |
|---|---|---|
| • ഈ മൂല്യനിർണ്ണയം. | • കൂൺകൃഷിയെ പ്രോത്സാഹിപ്പിക്കൽ. | • പഠന പ്രവർത്തനങ്ങൾ |
| നിരന്തര വിലയിരുത്തൽ | • കരനെൽകൃഷി നടത്തുക | • Data Collection. |
| • ദിനാചരണം | • നീന്തൽ പരിശീലനം | |
| • കായികപഠനം | • മാലിന്യസംസ്കരണം. | |
| • ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ. | | |